**കേരള സർക്കാർ**

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ദിനാഘോഷം 2017 – നടത്തിപ്പ് ചെലവിനും മറ്റ് ക്രമീകരണങ്ങൾക്കും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

================================================================

**തദ്ദേശ സ്വയം ഭരണ (ഇ എം) വകുപ്പ്**

സ. ഉ. (സാധാ) നം. 227/2017/തസ്വഭവ തിരുവനന്തപുരം, തീയതി, 01/02/2017

================================================================

പരാമർശം: പഞ്ചായത്ത് ഡയറക്ടറുടെ 12.01.2017-ലെ ജി2-33030/16 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

2017 ഫെബ്രുവരി 19-ന് കണ്ണൂരിൽ വച്ച് നടത്തുന്ന പഞ്ചായത്ത് ദിനാഘോഷങ്ങളുടെ നടത്തിപ്പ് ചെലവിലേക്കായി പ്രസ്തുത ജില്ലയിലെ ഗ്രാമപഞ്ചായത്തുകളിൽ നിന്നും 20,000/- രൂപാ വീതവും മറ്റ് 13 ജില്ലകളിലെ ഗ്രാമപഞ്ചായത്തുകളിൽ നിന്നും 10,000/- രൂപാവീതവും അവയുടെ തനത് ഫണ്ടിൽ നിന്നോ, ജനറൽ പർപ്പസ് ഫണ്ടിൽ നിന്നോ സംഭാവന നൽകുന്നതിനുള്ള അനുമതി നൽകണമെന്നും ദിനാഘോഷത്തോടനുബന്ധിച്ച് നടക്കുന്ന എക്സിബിഷനിൽ പങ്കെടുക്കുന്ന ത്രിതല പഞ്ചായത്തുകൾക്ക് അവയുടെ തനത് ഫണ്ടിൽ നിന്നോ, ജനറൽ പർപ്പസ് ഗ്രാന്റിൽ നിന്നോ 40,000/- രൂപ വരെ ചെലവഴിക്കുന്നതിനുള്ള അനുമതിയും നൽകണമെന്നും ദിനാഘോഷത്തിൽ പങ്കെടുക്കുന്നതിന് ജില്ല/ബ്ലോക്ക്/ഗ്രാമപഞ്ചായത്തുകളുടെ പ്രസിഡന്റ്, സെക്രട്ടറി എന്നിവർക്ക് യാത്രനുമതിയും നിയമാനുസൃത യാത്രാപ്പടി, താമസസൗകര്യത്തിനുള്ള ചെലവ് എന്നിവ തനതുഫണ്ട്/ജനറൽ പർപ്പസ് ഫണ്ടിൽ നിന്നും വഹിക്കുന്നതിന് അനുമതിയും നൽകണമെന്നും പരാമർശ കത്ത് പ്രകാരം പഞ്ചായത്ത് ഡയറക്ടർ ശുപാർശ സമർപ്പിച്ചിരുന്നു.

സർക്കാർ ഈ വിഷയം പരിശോധിച്ചു. 2017 ഫെബ്രുവരി 19-ന് കണ്ണൂരിൽ വച്ച് നടക്കുന്ന പഞ്ചായത്ത് ദിനാഘോഷങ്ങളുടെ നടത്തിപ്പിനായി കണ്ണൂർ ജില്ലയിലെ ഗ്രാമപഞ്ചായത്തുകളുടെ തനതു ഫണ്ടിൽ നിന്നും 20,000/- രൂപ വീതവും മറ്റ് 13 ജില്ലകളിലെ ഗ്രാമപഞ്ചായത്തുകളുടെ തനതു ഫണ്ടിൽ നിന്നും 10,000/- രൂപാവീതവും ജനറൽ കൺവീനറായ കണ്ണൂർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ പേരിൽ ലഭ്യമാക്കുന്നതിനുള്ള അനുമതിയും പഞ്ചായത്ത് ദിനാഘോഷത്തോടനുബന്ധിച്ച് നടക്കുന്ന എക്സിബിഷനിൽ പങ്കെടുക്കുന്ന ത്രിതല പഞ്ചായത്തുകൾക്ക് തനത് ഫണ്ടിൽ നിന്നോ ജനറൽ പർപ്പസ് ഗ്രാന്റിൽ നിന്നോ 40,000/- രൂപ വരെ കമ്മിറ്റി തീരുമാനത്തിന് വിധേയമായി ചെലവഴിക്കുന്നതിനുള്ള അനുമതിയും 2017 വർഷത്തെ പഞ്ചായത്ത് ദിനാഘോഷത്തിൽ പങ്കെടുക്കുന്നതിന് ജില്ല/ബ്ലോക്ക്/ഗ്രാമ

പഞ്ചായത്തുകളുടെ പ്രസിഡന്റ്, സെക്രട്ടറി എന്നിവർക്ക് യാത്രാനുമതിയും നിയമാനുസൃത യാത്രാപ്പടി, താമസസൗകര്യത്തിനുള്ള ചെലവ് എന്നിവ തനതുഫണ്ട്/ജനറൽ പർപ്പസ് ഫണ്ടിൽ നിന്നും വഹിക്കുന്നതിന് അനുമതിയും നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ടി പി വിജയകുമാർ
സ്പെഷ്യൽ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർമാർക്കും (ഗ്രാമവികസന കമ്മീഷണർ മുഖേന)
എല്ലാ പഞ്ചായത്ത് പ്രസിഡന്റ്മാർക്കും/സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് (എല്ലാ പത്ര-ദൃശ്യ മാധ്യമങ്ങളിലും പരസ്യപ്പെടുത്തുന്നതിന്)
തദ്ദേശ സ്വയംഭരണ (ഇപിബി/ഇആർഎ/ഇആർബി/എഫ് എം) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ